**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5480** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമികാരോഗ്യ പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി ഒ എസ് അംബിക | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (എ) | നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണം അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിലാണ് നിർവ്വഹിക്കുന്നത്. കുട്ടികൾക്ക് രോഗ പ്രതിരോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വാക്സിനേഷൻ പ്രവർത്തനങ്ങൾ അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിൽ ജെ.പി.എച്ച്.എൻ മാർ നിർവ്വഹിക്കുന്നുണ്ട്. 93 അർബൻ പി.എച്ച്.സി കൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. എല്ലാ അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 8 am to 4 pm ലാബ് സർവ്വീസ് നൽകി വരുന്നുണ്ട്. പകർച്ചേതരവ്യാധി ക്ലിനിക്കുകൾ ആഴ്ചയിൽ 2 ദിവസവും നടക്കുന്നുണ്ട്. തെരഞ്ഞെടുത്ത അർബൻ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യാലിറ്റി ക്ലിനിക്കുകളും നടത്തി വരുന്നു. (ഗൈനക്, ഇ.എൻ.റ്റി) എല്ലാ ബുധനാഴ്ചകളിലും കുത്തിവെയ്പ് കുട്ടികൾക്ക് നൽകി വരുന്നു. ആഴ്ചയിൽ 2 ദിവസം കുത്തിവയ്പ്പ് ഫീൽഡ് തലത്തിലും നൽകി വരുന്നു. ഒട്ടുമിക്ക അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആഴ്ചയിൽ 6 ദിവസവും ദന്തൽ ക്ലിനിക്കുകളും നടത്തി വരുന്നുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി മഹിളാ ആരോഗ്യ സമിതി സ്കീമും നടന്നു വരുന്നുണ്ട്. ആയുഷ്മാൻ ഭാരതിന്റെ ഭാഗമായി വെൽനസ് സെഷനുകൾ നടത്തി വരുന്നു. ആശമാരും ജെ.പി.എച്ച്.എൻ മാരും ഫീൽഡ് വിസിറ്റ് നടത്തുകയും ഗർഭിണികൾക്ക് ആവശ്യമായ പരിചരണം നൽകുകയും ഹെൽത്ത് എഡ്യൂക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. 47 അർബൻ ഹെൽത്ത് സെന്ററുകളിൽ ഇ-ഹെൽത്ത് ഇംപ്ലിമെന്റേഷൻ നടത്തിയിട്ടുണ്ട്. 34 അർബൻ ഹെൽത്ത് |

| | | | |
|---|---|---|---|
| | | | സെന്ററുകൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (NQAS) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ